# കേരള സർക്കാർ

## സംഗ്രഹം

സഹകരണ വകുപ്പ് - ജില്ലാ സഹകരണ ബാങ്ക് - അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പുനഃനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സഹകരണ (ബി) വകുപ്പ്

സ.ഉ.(കൈ)നം. 104/2012/സഹ. തീയതി, തിരുവനന്തപുരം, 20.09.2012.

പരാമർശം:- 1. 26.02.2008 ലെ സ.ഉ (കൈ) നം. 57/2008/സഹ നമ്പർ സർക്കാർ ഉത്തരവ്.

2. സഹകരണ സംഘം രജിസ്ട്രാറുടെ 08.10.2010, 08.10.2011 എന്നീ തീയതികളിലെ ഇ.എം. (1) 39784/2010 നമ്പർ കത്തുകൾ.

3. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 27.06.2012 ലെ എ III (2) 719/12/കോ.വി നമ്പർ കത്ത്.

## ഉത്തരവ്

ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പുനഃനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ഒരേ ശമ്പള സ്കെയിലും, യോഗ്യതയും, നിയമന രീതിയും ഉള്ളവർക്ക് മാത്രമായി അന്തർ ജില്ലാ ബാങ്ക് സ്ഥലംമാറ്റം പരിമിതപ്പെടുത്തുക.

(ii) അന്തർജില്ലാ സഹകരണ ബാങ്ക് സ്ഥലംമാറ്റം വാങ്ങുന്ന ഒരു വ്യക്തി പുതിയ സ്ഥാപനത്തിൽ ജൂനിയർ മോസ്റ്റ് ആയിരിക്കും. അന്തർജില്ലാ സഹകരണ ബാങ്ക് സ്ഥലംമാറ്റം ലഭിച്ച വ്യക്തി, പുതിയ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസവും പി.എസ്.സി. നേരിട്ട് നിയമന ശുപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ നിയമന ശുപാർശ തീയതിയും ഒന്നാണെങ്കിൽ നേരിട്ടുള്ള നിയമനം ലഭിച്ചവരുടെ താഴെയായിരിക്കും ടിയാന്റെ സീനിയോറിറ്റി. താഴ്ന്ന തസ്തികകളിൽ നിന്നും പ്രൊമോഷൻ മുഖേന ഉയർന്ന തസ്തികകളിലെത്തിയവർക്കും, ഉയർന്ന ഗ്രേഡ് ലഭിച്ചിട്ടുള്ളവർക്കും അവർ തുടരുന്ന തസ്തികകളിൽ മറ്റൊരു ജില്ലാ സഹകരണ ബാങ്കിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുകയില്ല. മറിച്ച് entry cadre ലേയ്ക്ക് തരംതാഴ്ത്തി മാത്രം അവർക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതും അവർ പുതിയ സ്ഥാപനത്തിൽ അതത് തസ്തികയുടെ entry cadre ൽ ജൂനിയർ മോസ്റ്റ് ആയിരിക്കുന്നതുമാണ്, പുതിയ സ്ഥലത്തെ

പ്രൊമോഷനുവേണ്ടി പഴയ സ്ഥാപനത്തിലെ സർവീസോ സീനിയോറിറ്റിയോ പരിഗണിക്കുന്നില്ല. എന്നാൽ ഇൻക്രിമെന്റ്, ലീവ്, പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവയ്ക്ക് പഴയ സർവീസ് കണക്കാക്കാവുന്നതാണ്. ടിയാൻ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും, പുതിയ സ്ഥാപനത്തിൽ പ്രൊബേഷണർ ആയിരിക്കും.

(iii) ടി.എ, ഡി.എ തുടങ്ങിയ യാത്രാബത്തകൾ അന്തർജില്ലാ സഹകരണ ബാങ്ക് മാറ്റത്തിന് നൽകുന്നതല്ല.

(iv) ഒരു ജില്ലാ ബാങ്കിൽ ഏറ്റവും കുറഞ്ഞത് അഞ്ച് വർഷത്തെ തുടർച്ചയായ സർവീസ് പൂർത്തിയാക്കിയിരിക്കേണ്ടതാണ്.

(v) അന്തർജില്ലാ സഹകരണ ബാങ്ക് സ്ഥലംമാറ്റം ലഭിക്കുന്നവർ പുതിയ ബാങ്കിൽ ജൂനിയർ മോസ്റ്റ് ആകുമെങ്കിലും, അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന അടിസ്ഥാന ശമ്പളത്തിലോ വാർഷിക ഇൻക്രിമെന്റ് തീയതിയിലോ വ്യത്യാസം വരാതെ പഴയ സർവീസ് കണക്കാക്കാവുന്നതാണ്.

(vi) അന്തർജില്ലാ സ്ഥലംമാറ്റം മുഖാന്തിരം നികത്തപ്പെടുന്ന ഒഴിവുകൾ ഒരു ജില്ലയിൽ ഒരു വർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളിൽ 10% ൽ അധികരിക്കരുത്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ഡോ. വി. എം. ഗോപാല മേനോൻ**
**ഗവൺമെന്റ് സെക്രട്ടറി**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
എല്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർമാർക്കും
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് നമ്പർ ഇ.എം.(1)46126/2012. സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി: 28.9.'12

മേൽ ഉത്തരവ് അറിവിലേക്കായി അയക്കുന്നു.

ജോയിന്റ് രജിസ്ട്രാർ (എസ്.സി./എസ്.ടി.)
സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി

1. എല്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർമാർക്കും
2. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർമാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർമാർക്കും
4. സഹകരണസംഘം രജിസ്ട്രാറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.